"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളിലെ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ ദിവസവേതനം പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.335/2026/LSGD തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(അച്ചടി) നം.29/2021/ധന; തീയതി 11.02.2021
3. ബഡ്സ് സ്കൂൾ/ ബി.ആർ.സി ഫിസിയോതെറാപ്പി ജീവനക്കാർ സമർപ്പിച്ച നിവേദനം
4. സ.ഉ.(അച്ചടി) നം.54/2025/ധന; തീയതി 19.04.2025

**<u>ഉത്തരവ്</u>**

ബഡ്സ് സ്കൂളുകളിലും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലും, ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതിന് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവർ സേവനം നൽകുന്ന ഓരോ ദിവസത്തിനും 1,180/- രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിനാണ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് അനുമതിയുള്ളത്.

2. ബഡ്സ് സ്കൂളിലെ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ഫിസിയോ തെറാപ്പിസ്റ്റുമാർക്ക് വർഷാവർഷം ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബാധകമായിരിക്കുമെന്ന് മുൻ പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥയുണ്ടെങ്കിലും, പരാമർശം 1 മാർഗ്ഗരേഖയിൽ ആയതിന് വ്യവസ്ഥയില്ലാത്തതിനാലും, പരാമർശം 2 ഉത്തരവിന്റെ കാറ്റഗറി X-ൽ ഹെൽത്ത് സർവ്വീസ് ആന്റ് മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ ഫിസിയോതെറാപ്പി ജീവനക്കാരെ മാത്രമാണ് പ്രതിപാദിക്കുന്നത് എന്നതിനാലും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ബഡ്സ് സ്ക്കൂളുകളിലെ ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് ഉയർന്ന വേതനം ലഭിക്കുന്നില്ല എന്നും, ആയത് പരിഹരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 3 പ്രകാരം അപേക്ഷ ലഭ്യമായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 മാർഗ്ഗരേഖ ഖണ്ഡിക 7.1.8.3 പ്രകാരം ബഡ്സ് സ്കൂൾ/ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ സേവനം ലഭ്യമാക്കുന്ന ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവർക്ക് നൽകാവുന്ന പ്രതിദിന ഹോണറേറിയം,

പരാമർശം 4 ഉത്തരവിന്റെ കാറ്റഗറി X നു അനുസൃതമായി പരിഷ്കരിച്ച്, 1270/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ ആണ് മേൽ നിരക്കിന് പ്രാബല്യമുണ്ടാകുക.

4. പരാമർശം 1 ഉത്തരവിന്റെ ഖണ്ഡിക 7.1.8.3 മേൽ ഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് (IA1/253/2022-LSGD)
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 07-02-2026 16:36:32

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്